## അദ്ധ്യായം-10

ആറാമത്തെ മുദ്ര പൊട്ടിച്ചശേഷവും ,ഏഴാം മുദ്ര പൊട്ടിക്കുന്നതിനുമുൻപും ഒരു bracketed chapter ആയി അദ്ധ്യായം 7 വന്നതുപോലെ ,ഏഴാം കാഹളം ഊതുന്നതിനുമുൻപും,ആറാംകാഹളം ഊതിയതിനുശേഷവും നടന്ന സംഭവങ്ങളാണ് (വെളി 10:11-14)വരെ വിവരിക്കുന്നത് .അതിൽ ഒന്നാമത്തെ സംഭവവും അതിന്റെ അനന്തരഫലങ്ങളുമാണ് അദ്ധ്യായം പത്തിൽ കാണുന്നത്. തുറക്കപ്പെട്ട പു്തകവുമായി നിൽക്കുന്ന ബലവാനായ ദൂതനെ ഈ അദ്ധ്യായത്തിൽ കാണുന്നു .ഈ ദൂതന്റെ പ്രത്യേകതകൾ എന്തെല്ലാം? ഈ ദൂതൻ ആരായിരിക്കും?

വായിക്കുക-(വെളി 10:1-3)

**പ്രത്യേകതകൾ**

1. മേഘം ഉടുത്തിരിക്കുന്നു.

(കർത്താവ് മേഘത്തെ തേരാക്കുന്നു.സങ്കീ. 104:3)

ദൈവതേജസ്സിന്റെ വെളിപാടിനെ മേഘം കാണിക്കുന്നു. (പുറ: 19:16)

യേശുക്രിസ്തു മേഘത്തിൽ വരും (മത്താ: (24:30) വെളി(1:7)

2. തലയിൽ ആകാശവില്ല് ധരിച്ചിരിന്നു.

(ഈ വില്ല് ദൈവസിംഹാസനത്തിന്റെ ചുറ്റിലുമുള്ളത്)((വെളി 4:3)

3. മുഖം സൂര്യനെപ്പോലെ ഉള്ളത്.

(മറു രൂപമലയിൽ -മത്താ 17:2)

പത്മോസിലെ ദൃശ്യം-വെളി(1.16)

4. കാൽ തീത്തൂൺ പോലെ-(വെളി 1:5)

5. സിംഹം അലറുന്നതുപോലെ -(അവൻ യഹൂദാഗോത്രത്തിലെ സിംഹമാണ്)(വെളി 5:5)

ഹോശയ (11:10)വെളി(1:15)

6. കാലിന്റെ സ്ഥാനം വലതുകാൽ സമുദ്രത്തിൻമേലും ഇടതുകാൽ ഭൂമിമേലും ആയിരുന്നു. ഇത് അവന്റെ വലിപ്പത്തേയും , ശക്തിയേയും കാണിക്കുന്നു.ഭൂമിയും സമുദ്രവും പ്രപഞ്ചത്തിന്റെ സമ്പൂർണ്ണതയെ കാണിക്കുന്നു. ഈ വിവരണങ്ങളിൽ നിന്നും ബലവാനായ ദൂതൻ ക്രിസ്തുതന്നെ എന്ന് കാണാം.

സപ്തമുദ്രിത ഗ്രന്ഥം തുറന്ന കർത്താവ് ഔപചാരികമായി ഭൂമിയെ അവകാശപ്പെടുന്നവനാണ് ഇപ്പോൾ ഇറങ്ങിവന്നതെന്ന് മനസ്സിലാക്കാം. മഹോദ്രവത്തിനു ശേഷം വീണ്ടും വരുമ്പോൾ മൂന്നാം വരവാകാതെ ഇരിപ്പാനാണ് ഇപ്പോൾ അവൻ ദൂതനായി വന്നത്.

ദൈവത്തിന്റെ ദൂതൻമാർ അവന്റെ ദൂതുവാഹികളാണ്. അവർ സംസാരിച്ച് ദൂതുകൾ അറിയിക്കുന്നു. എങ്കിലും അത് അവരുടെ സ്വന്തവാക്കുകളോ ആലോചനയോ ആയിരിക്കില്ല. എന്നാൽ ക്രിസ്തു താൻതന്നെ ദൈവത്തിന്റെ പ്രത്യേകദൂതനായി അയയ്ക്കപ്പെടുമ്പോൾ അവൻ തന്റെ ദൈവീകഅധികാരത്തിൽ കല്പിക്കുകയും ,വിധിക്കുകയും,വാഗ്ദത്തം നല്കുകയും സ്വയമായി ചെയ്യുന്നു.

വായിക്കുക- ഉല്പ: (16:7.12),(18:10),(22:9.12) പുറപ്പാട്(3:2-9)

**തുറക്കപ്പെട്ട പുസ്തകം**

അദ്ധ്യായം (5) ൽ സിംഹാസനസ്ഥന്റെ വലതുകരത്തിൽ ഏഴ് മുദ്രയിട്ട പുസ്തകചുരുൾ(a scroll in the right hand) കണ്ടതുപോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ബലവാനായ ദൂതന്റെ കയ്യിൽ തുറന്നൊരു ചെറുപുസ്തകം ഉണ്ടായിരുന്നു ഈ ചെറുപുസ്തകത്തെപ്പറ്റി പല വ്യാഖ്യാനങ്ങൾ ഉണ്ട് 1. ഇത് സപ്തമുദ്രിതഗ്രന്ഥം തന്നെ എന്നും (2) ഇത് ദൈവവചനമാണെന്നും കരുതപ്പെടുന്നു.

**ഏഴിടിനാദം (വെളി 10:14)**

ബലവാനായ ദൂതൻ സിംഹഗർജ്ജനംപോലെ ആർത്തപ്പോഴാണ്ഏഴ് ഇടിനാദം ഉണ്ടായത്.ഏഴ് ഇടികൾ ഏഴ് ന്യായവിധികൾ ആകാം.ഈ വിവരങ്ങൾ രേഖപ്പെടുത്തുവാൻ യോഹന്നാന് അനുവാദം ലഭിച്ചില്ല.

(ഇടിമുഴക്കം വചനത്തിൽ-പുറ(9:23),സങ്കീ(29:3-11)(1ശമു12:17)

**കാഹളത്തിന്റെ കാലം(വെളി 10:5-6)**

ഓരോ കാഹളനാദവും ഒരു കാലയളവിൽ നടക്കേണ്ടുന്ന സംഭവങ്ങളെ ഉൾക്കൊള്ളുന്നു. എന്ന് (വെളി 10:6) ൽ നിന്ന് മനസ്സിലാക്കാം.ഏഴാം കാഹള നാദകാലം മറ്റ് ആറു കാഹളങ്ങൾ പോലെ ചുരുങ്ങിയ സമയത്തേക്കുള്ളതല്ല.നീണ്ടുനിൽക്കുന്ന കാലയളവിലുണ്ടാകുന്ന സംഭവങ്ങളാണ്. പ്രവാചകൻമാരോട് ദൈവം മുന്നറിയിപ്പുനല്കിയവഎല്ലാം നടന്നിരിക്കും എന്ന് വലംകൈ ആകാശത്തേക്കുയർത്തിസത്യം ചെയ്തു.

[But when the seventh angel blows his trumpet then God will accomplish his secret plan as he announced to his servants, the prophets]Rev. :(10:7)

ദൈവത്തിന്റെ മർമ്മം(his secret plan) നിവർത്തിയാകുമെന്ന് തിരുവചനത്തിൽ മറ്റൊരിടത്തും കാണുന്നില്ല.കാലാകാലങ്ങളിൽ താൻ ദാസൻമാർക്ക് വെളിപ്പെടുത്തുന്നു.

**ഗ്രന്ഥഭോജനം** (Eating the little Scroll)

ദൈവത്തിന്റെ ദൂത് ഒരേ സമയം മധുരവും കൈപ്പുമാണ്. തന്റെ ശുശ്രൂഷ പത്മോസുകൊണ്ടവസാനിക്കുന്നില്ല എന്നത് മാധുര്യമേറിയതെങ്കിലും തുടർന്ന് അറിയിക്കേണ്ട ദൂതിന്റെ ഉള്ളടക്കം, വരാൻ പോകുന്ന നാശത്തെ അറിയിക്കുന്നതാകയാൽ അത് കൈപ്പിന്റെ അനുഭവമാണ്. വയറ്റിൽ എത്തിയത് കൈപ്പാകുമ്പോൾ ഛർദ്ദിക്കുവാൻ തോന്നും. എന്നാലിത് വീണ്ടും വായിൽവരുമ്പോൾ നല്ലമധുരമാകുന്നു. കേൾവിക്കാരുടെ ഇഷ്ടത്തിന് വചനത്തോട് ഒന്നും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ , കൈയ്പിന്റെ അനുഭവത്തിൽ കൂടി കടക്കുന്നവർക്കേ രാജാധിരാജന്റെ മുൻപിൽ നൽക്കാൻ കഴിയുകയുള്ളൂ എന്നോർത്ത് സന്തോഷിക്കുക.